# സമാധാനവും സുരക്ഷിതത്വവും അന്തർദേശീയസംഘടനകളിലൂടെ

## 12

എന്തെല്ലാം ദുരിതങ്ങളും ദുരന്തങ്ങളുമാണ് മനുഷ്യരാശിക്ക് നേരിടേണ്ടി വരുന്നത്! യുദ്ധങ്ങൾ, ഭീകരപ്രവർത്തനങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, കാലാവസ്ഥാവ്യതിയാനം, പകർച്ചവ്യാധികൾ, വിഭവശോഷണം തുടങ്ങി എത്ര പ്രശ്നങ്ങൾ. ഇതെല്ലാം ഏതെങ്കിലും ഒരു മനുഷ്യനെയൊ ഒരു സമൂഹത്തെയൊ ഒരു രാജ്യത്തെയൊ മാത്രം ബാധിക്കുന്നവയല്ല. പലപ്പോഴുമിതെല്ലാം ലോകത്തെമ്പാടുമുള്ള മനുഷ്യന്റെ സമാധാനപൂർണ്ണമായ ജീവിതത്തിനും സുരക്ഷിതത്വത്തിനും ഭീഷണിയാകുന്നില്ലേ? ഒരു രാജ്യത്തിന് മാത്രമായി ഈ പ്രശ്നങ്ങൾക്ക് പരിഹാരം തേടാനാകില്ല.

ആഗോളതലത്തിലുള്ള തീരുമാനങ്ങളും പരിശ്രമങ്ങളും കൊണ്ടേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളു. രാജ്യങ്ങൾ ചേർന്നുള്ള ഔദ്യോഗികസംഘടനകളും ഗവൺമെന്റിതര അനൗദ്യോഗികസംഘടനകളും



ഇതിനായി പ്രവർത്തിക്കുന്നു. വിവിധ രാജ്യങ്ങൾ ചേർന്ന് ഔദ്യോഗികമായി അന്തർദേശീയ അന്തർഗവൺമെന്റ് സംഘടനകൾക്ക് (International Inter Government Organisations) രൂപം നൽകുന്നു. ഐക്യരാഷ്ട്രസംഘടന (United Nations Organization), യൂറോപ്യൻ യൂണിയൻ (European Union), തെക്കെ ഏഷ്യൻ രാജ്യങ്ങളുടെ സംഘടന (South Asian Association for Regional Co-operation-SAARC) തുടങ്ങിയവ അന്താരാഷ്ട്ര അന്തർ ഗവൺമെന്റ് സംഘടനകൾക്ക് ഉദാഹരണങ്ങളാണ്. ഈ സംഘടനകളുടെ പ്രവർത്തനങ്ങൾ രാഷ്ട്രങ്ങൾ തമ്മിലുള്ള സൗഹൃദവും ഐക്യവും പ്രോത്സാഹിപ്പിക്കുകയും വ്യത്യസ്ത തരത്തിലുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യും.

മനുഷ്യാവകാശങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ, സുസ്ഥിരവികസനം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ടാണ് ഗവൺമെന്റിതര സംഘടനകൾ രൂപം കൊള്ളുന്നത്. ഇവയ്ക്ക് പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ പ്രവർത്തനമേഖലകൾ ഉണ്ട്. ഈ സംഘടനകളുടെ അന്തർദേശീയ കൂട്ടായ്മകളാണ് അന്തർദേശീയ ഗവൺമെന്റേതര സംഘടനകൾ (International Non Governmental Organisations). ഈ രണ്ടുതരം സംഘടനകളും ലോകസമാധാനത്തിനും സുരക്ഷിതത്വത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

ശാസ്ത്രത്തിന്റേയും സാങ്കേതികവിദ്യയുടേയും വളർച്ച മനുഷ്യരാശിയുടെ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം നിലനിൽപ്പിന് നിരവധി ഭീഷണികൾ ഉയർത്തുകയും ചെയ്യുന്നുണ്ട്. സമാധാനത്തിനും സുരക്ഷിതത്വത്തിനും ഉണ്ടാകുന്ന ഭീഷണികളും അവ പരിഹരിക്കുവാൻ നടക്കുന്ന ശ്രമങ്ങളും പ്രസ്ഥാനങ്ങളും ലോകസമാധാനത്തെ ശക്തിപ്പെടുത്തും.

വിയന്നാകോൺഗ്രസ് (1815) ആണ് അന്താരാഷ്ട്ര തലത്തിൽ ഔദ്യോഗിക സംഘടനകൾക്ക് തുടക്കം കുറിച്ചത്. ഫ്രാൻസ്, ബ്രിട്ടൺ, ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളാണ് ഈ സമ്മേളനത്തിൽ പങ്കെടുത്തത്. പൊതുവായി വരുന്ന പ്രശ്നങ്ങളും തർക്കങ്ങളും നയതന്ത്ര ചർച്ചകളിലൂടെ പരിഹരിക്കുന്നതിന് വിയന്നാകോൺഗ്രസ് രാഷ്ട്രങ്ങളെ പ്രേരിപ്പിച്ചു. യൂണിവേഴ്സൽ പോസ്റ്റൽ യൂണിയൻ, ഇന്റർനാഷണൽ ടെലഗ്രാഫ് യൂണിയൻ തുടങ്ങിയവ 1860-ൽ തന്നെ രൂപംകൊണ്ട ഔദ്യോഗിക സംഘടനകളാണ്.

## സർവ്വരാഷ്ട്രസഖ്യം (League of Nations)

ഒന്നാം ലോകമഹായുദ്ധം അവസാനിപ്പിക്കുന്നതിനായി 1919-ൽ നടന്ന വേഴ്സായ് സന്ധിയാണ് സർവ്വരാഷ്ട്രസഖ്യത്തിന്റെ രൂപീകരണത്തിന് വഴിതെളിച്ചത്. ഈ അന്താരാഷ്ട്രവേദിയിൽ 42 അംഗരാഷ്ട്രങ്ങളാണ് ഉണ്ടായിരുന്നത്. രാഷ്ട്രങ്ങളുടെ സ്വയം നിർണ്ണയാവകാശം ഉറപ്പുവരുത്തിക്കൊണ്ട് രാഷ്ട്രങ്ങൾ തമ്മിൽ സമാധാനവും സുരക്ഷിതത്വവും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ സഖ്യം നിലവിൽ വന്നത്. എല്ലാ രാജ്യങ്ങളും ഓരോ രാജ്യത്തിനുവേണ്ടിയും ഓരോ രാജ്യവും എല്ലാരാജ്യങ്ങൾക്കുവേണ്ടിയും എന്നതരത്തിൽ കൂട്ടായ്മയിലൂടെ സുരക്ഷിതത്വം രൂപപ്പെടുത്തുവാനുള്ള ശ്രമമാണ് സംഘടന ലക്ഷ്യമാക്കിയത്. ഒരു രാജ്യത്തിന് എതിരായുള്ള യുദ്ധം എല്ലാ രാജ്യങ്ങൾക്കും എതിരായുള്ള യുദ്ധമായി കണക്കാക്കണമെന്ന് സംഘടന ആഹ്വാനം ചെയ്തു. ലോകജനതയുടെ ആരോഗ്യം സംരക്ഷിക്കുക, ലോകത്താകമാനമുള്ള തൊഴിലാളികളുടെ താല്പര്യങ്ങളെ പരിരക്ഷിക്കുക തുടങ്ങിയവയും സർവ്വരാഷ്ട്ര സംഖ്യത്തിന്റെ ലക്ഷ്യങ്ങളായിരുന്നു.



- സർവ്വരാഷ്ട്ര സഖ്യത്തിന്റെ തകർച്ചയ്ക്കിടയാക്കിയ സാഹചര്യങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിച്ചു ചർച്ച ചെയ്യൂ.
- എന്തുകൊണ്ടാകാം ലോക സമാധാനത്തിനായി നിലവിൽ വന്ന സർവ്വരാഷ്ട്ര സഖ്യം ലോക ജനതയുടെ ആരോഗ്യം, തൊഴിലാളികളുടെ താല്പര്യം തുടങ്ങിയ ലക്ഷ്യങ്ങളെക്കൂടി പരിഗണിച്ചത്?
- യുദ്ധങ്ങൾ ഒഴിവാക്കിയതുകൊണ്ട് മാത്രം ലോക ജനതയുടെ സുരക്ഷിതത്വം ഉറപ്പാക്കുവാനാകുമോ? ചർച്ച ചെയ്യുക.

യുദ്ധങ്ങളില്ലാതാകുന്നതിനുവേണ്ടി രൂപം കൊണ്ട സഖ്യത്തിന് യുദ്ധത്തെ തടയാനായില്ല എന്നു മാത്രമല്ല അന്നുവരെ ഉണ്ടായ എല്ലാ യുദ്ധങ്ങളെക്കാളും

വലിയ യുദ്ധത്തിനും-കൊടിയ നാശങ്ങൾക്കും ദുരിതങ്ങൾക്കും സാക്ഷ്യം വഹിക്കേണ്ടിയും വന്നു. കൂട്ടായ സുരക്ഷിതത്വത്തിനും സമാധാനത്തിനും കൂടുതൽ ഫലപ്രദമായ സംഘടനയ്ക്കായുള്ള ശ്രമത്തെത്തുടർന്ന് ഐക്യരാഷ്ട്രസംഘടന (United Nations Organisation) രൂപീകരിച്ചു. സർവ്വരാഷ്ട്രസഖ്യം 1946-ൽ പിരിച്ചുവിടുകയും ചെയ്തു. സർവ്വരാഷ്ട്രസഖ്യത്തിന്റെ ലക്ഷ്യങ്ങളുടെ തുടർച്ച തന്നെയാണ് ഐക്യരാഷ്ട്ര സംഘടനയുടെ പ്രവർത്തനങ്ങൾ.

### ഐക്യരാഷ്ട്രസംഘടന

ലോകയുദ്ധങ്ങളേൽപ്പിച്ച പേടിപ്പെടുത്തുന്ന ഓർമ്മകളിൽ നിന്ന് സമാധാനത്തിന്റെ സ്വസ്ഥതയിലേക്ക്



യു.എൻ. ആസ്ഥാനമന്ദിരം

മനുഷ്യമനസ്സിനെ മാറ്റിയെടുക്കേണ്ട ഒരു ആഗോള സാഹചര്യത്തിലാണ് ഐക്യരാഷ്ട്ര സംഘടന രൂപപ്പെട്ടത്. സമാധാനവും സുരക്ഷിതത്വവും നിലനിർത്തുന്നതിനായുള്ള മനുഷ്യരാശിയുടെ മുഴുവൻ പൊതുപ്രാതിനിധ്യവേദി എന്ന ലോകത്തിന്റെ പ്രതീക്ഷയാണ് ഐക്യരാഷ്ട്രസംഘടന.

### ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങൾ

- ഭാവി തലമുറയെ യുദ്ധഭീതിയിൽ നിന്ന് രക്ഷിക്കുക.
- മനുഷ്യാവകാശങ്ങളും ചെറുതും വലുതുമെന്ന വ്യത്യാസമില്ലാതെ രാജ്യങ്ങളുടെ അവകാശങ്ങളും ഊട്ടി ഉറപ്പിക്കുക.
- സാമൂഹ്യപുരോഗതിക്കും ഉയർന്ന ജീവിതനിലവാരം ആർജ്ജിക്കുന്നതിനും രൂപപ്പെടുത്തുന്ന കരാറുകളെയും അന്തർദേശീയ നിയമങ്ങളെയും ബഹുമാനിക്കുന്ന സാഹചര്യം സൃഷ്ടിക്കുക.
- അയൽരാജ്യങ്ങൾ തമ്മിൽ സഹിഷ്ണുതയിലും സമാധാനത്തിലും അധിഷ്ഠിതമായ ബന്ധം വളർത്തുക.
- ലോകസമാധാനത്തിനും സുരക്ഷിതത്വത്തിനുമായി ഒരുമിക്കുക.
- ലോകജനതയുടെ പൊതുതാൽപ്പര്യത്തിനായല്ലാതെ സായുധസേനയെ ഉപയോഗിക്കില്ല എന്ന് ഉറപ്പുവരുത്തുക.
- മനുഷ്യരാശിയുടെ മുഴുവൻ സാമ്പത്തികവും സാമൂഹികവുമായ പുരോഗതിക്കായി അന്തർദേശീയ സംവിധാനങ്ങളെ ഉപയോഗിക്കുക.

രണ്ടാം ലോകയുദ്ധം നടന്നുകൊണ്ടിരുന്ന വർഷങ്ങളിൽത്തന്നെ ഈ സംഘടനയ്ക്കുവേണ്ടിയുള്ള ശ്രമവും നടന്നിരുന്നു. ചെറുതെന്നോ വലുതെന്നോ സമ്പന്നമെന്നോ ദരിദ്രമെന്നോ ഭേദമില്ലാതെ എല്ലാ രാജ്യത്തെയും എല്ലാമനുഷ്യരുടേയും ക്ഷേമവും ഐശ്വര്യവും ആയിരുന്നു ഇതിന്റെ ലക്ഷ്യം. യുദ്ധങ്ങളില്ലാത്ത അവസ്ഥയ്ക്കുപുറമെ സമൂഹത്തെ ബാധിക്കുന്ന മനുഷ്യാവകാശങ്ങൾ, ആരോഗ്യം, ദാരിദ്ര്യം, തൊഴിൽ, വിദ്യാഭ്യാസം, ശാസ്ത്രസാങ്കേതികവിദ്യ, പരിസ്ഥിതി തുടങ്ങിയ മേഖലകളിലെ പ്രശ്നങ്ങൾ കൂട്ടായ്മയിലൂടെ പരിഹരിക്കുക എന്ന പ്രതീക്ഷയും ഇതിനുണ്ടായിരുന്നു.

- ഏതെല്ലാം രാഷ്ട്രങ്ങളാണ് ഐക്യരാഷ്ട്ര സംഘടനയുടെ രൂപീകരണത്തിൽ പ്രധാന പങ്കുവഹിച്ചത്?
- പ്രധാനമായി പങ്കെടുത്ത രാഷ്ട്രനേതാക്കന്മാർ ആരെല്ലാമായിരുന്നു?

## സംഘടന രൂപം കൊള്ളുന്നു

രാഷ്ട്രങ്ങൾ തമ്മിൽ നടന്ന സുദീർഘമായ ചർച്ചകളുടെയും ആലോചനകളുടെയും ഫലമായിട്ടാണ് ഐക്യ രാഷ്ട്രസംഘടന പിറവിയെടുത്തത്. സംഘടനാ രൂപീകരണത്തിന്റെ നാൾവഴികൾ ശ്രദ്ധിക്കൂ.

| | |
|---|---|
| 1941 ജൂൺ 12 | ത്രിശക്തി സൗഹാർദ്ദ രാജ്യങ്ങളുടെ (Triple Entente) സമ്മേളനം ലോകത്തെ സ്വതന്ത്രരായ മറ്റ് ജനതയോട് യുദ്ധത്തിലും സമാധാനത്തിലും ഒരുമിച്ചു പ്രവർത്തിക്കുക എന്നു പ്രഖ്യാപിച്ചു. |
| 1941 ആഗസ്റ്റ് 14 | അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ളിൻ ഡി.റൂസ്‌വൽറ്റും ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിലും സമാധാനവും സുരക്ഷിതത്വവും നില നിർത്താൻ അന്താരാഷ്ട്രസഹവർത്തിത്വം എന്ന ലക്ഷ്യം മുൻനിർത്തി 'അറ്റ്ലാന്റിക് ചാർട്ടർ' ഒപ്പുവച്ചു. |
| 1942 ജനുവരി 1 | 26 രാജ്യങ്ങളുടെ പ്രതിനിധികൾ വാഷിംഗ്ടണിൽ സമ്മേളിക്കുകയും അറ്റ്ലാന്റിക് ചാർട്ടറിന് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. ഈ സമ്മേളനത്തിലാണ് അമേരിക്കൻ പ്രസിഡന്റ് റൂസ്‌വൽറ്റ് ഐക്യരാഷ്ട്രസംഘടന (United Nations) എന്ന പേര് ആദ്യമായി ഉപയോഗിച്ചത്. |
| 1943 ഒക്ടോബർ 30 | സമാധാനത്തിനായി അന്താരാഷ്ട്ര സംഘടന എന്ന ലക്ഷ്യത്തോടെ സോവിയറ്റ് യൂണിയൻ, ബ്രിട്ടൺ, അമേരിക്ക, ചൈന എന്നീ രാജ്യങ്ങളുടെ മോസ്കോ കോൺഫറൻസ്. |
| 1943 ഡിസംബർ 1 | സോവിയറ്റ് യൂണിയൻ, അമേരിക്ക, ബ്രിട്ടൺ എന്നീ രാജ്യങ്ങളുടെ തെഹറാൻ കോൺഫറൻസ്. |
| 1944 സെപ്റ്റംബർ 21 | സോവിയറ്റ് യൂണിയൻ, അമേരിക്ക, ബ്രിട്ടൺ, ചൈന എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ അമേരിക്കയിലെ ഡംബർട്ടൺ ഓക്സിൽ സമ്മേളിച്ച് ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങൾ, ഘടന, പ്രവർത്തനം എന്നിവ സംബന്ധിച്ച രേഖയുടെ കരട് തയ്യാറാക്കി. |
| 1945 ഏപ്രിൽ 11 | അമേരിക്കൻ പ്രസിഡന്റ് റൂസ്‌വൽറ്റ്, ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ, റഷ്യൻ പ്രസിഡന്റ് ജോസഫ് സ്റ്റാലിൻ എന്നിവർ യാൾട്ടയിൽ സമ്മേളിച്ച് സമാധാനത്തിനായുള്ള അന്താരാഷ്ട്ര സംഘടനയേക്കുറിച്ചുള്ള അവരുടെ നിർദേശങ്ങൾ പ്രഖ്യാപിച്ചു. |
| 1945 ജൂൺ 25 | സാൻഫ്രാൻസിസ്കോയിൽ ചേർന്ന 50 രാജ്യങ്ങളുടെ പ്രതിനിധികൾ 111 അനുച്ഛേദങ്ങളുള്ള ഐക്യരാഷ്ട്രസംഘടനയുടെ ചാർട്ടർ അംഗീകരിച്ചു. |
| 1945 ഒക്ടോബർ 24 | ഐക്യരാഷ്ട്രസംഘടന ഔദ്യോഗികമായി നിലവിൽ വന്നു. ഇന്ത്യ അടക്കം 51 സ്ഥാപക അംഗങ്ങൾ ഉണ്ടായിരുന്നു. |

### കണ്ടെത്തുക

- ഐക്യരാഷ്ട്ര സംഘടനയിൽ ഇപ്പോൾ എത്ര അംഗരാജ്യങ്ങളുണ്ട്?
- അവസാനമായി അംഗത്വം നേടിയ രാജ്യം ഏതാണ്?
- ഐക്യരാഷ്ട്രസംഘടനയിൽ അംഗങ്ങളല്ലാത്ത രാജ്യങ്ങളുടെ പേര്.

## ഐക്യരാഷ്ട്ര സംഘടനയുടെ ഘടന

### പൊതുസഭ (The General Assembly)

രാഷ്ട്രങ്ങളുടെ പാർലമെന്റ് എന്നറിയപ്പെടുന്ന പൊതുസഭ വർഷത്തിൽ ഒരിക്കലെങ്കിലും സമ്മേളിക്കേണ്ടതുണ്ട്. അംഗരാഷ്ട്രങ്ങൾക്ക് സഭയിലേക്ക് അഞ്ച് പേരടങ്ങുന്ന പ്രതിനിധി സംഘത്തെ അയയ്ക്കാം. എന്നാൽ ഒരു അംഗരാജ്യത്തിന് ഒരു വോട്ട് മാത്രമേ സഭാനടപടിക്രമങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന വോട്ടെടുപ്പ് വേളകളിൽ വിനിയോഗിക്കാനാകൂ. എല്ലാ സമ്മേളനങ്ങളിലും സഭ അതിന്റെ അദ്ധ്യക്ഷനേയും ഉപാദ്ധ്യക്ഷനേയും തിരഞ്ഞെടുക്കാറുണ്ട്.






യു.എൻ. ജനറൽ അസംബ്ലി


ഇന്ത്യക്കാരായ ആരെങ്കിലും പൊതുസഭയുടെ അദ്ധ്യക്ഷപദവിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ?

### സുരക്ഷാസമിതി (The Security Council)

ലോകസമാധാനവും സുരക്ഷിതത്വവും പരിപാലിക്കാൻ വേണ്ടിവരുന്ന നയപരമായ തീരുമാനങ്ങളെടുക്കുന്നതിനുള്ള അധികാരം സുരക്ഷാസമിതിക്കാണ്. ന്യൂയോർക്ക് ആണ് ഇതിന്റെ ആസ്ഥാനം. പതിനഞ്ച് അംഗങ്ങളുള്ള ഈ സമിതിയിൽ 10 താൽക്കാലിക അംഗങ്ങളും 5 സ്ഥിരാംഗങ്ങളുമാണുള്ളത്. ചൈന, ബ്രിട്ടൺ, ഫ്രാൻസ്, റഷ്യ, അമേരിക്ക എന്നീ രാഷ്ട്രങ്ങളാണ് സ്ഥിരാംഗങ്ങൾ. രണ്ടുവർഷകാലാവധിയിലേക്ക് പൊതുസഭയാണ് താൽക്കാലിക അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. അതിന് പൊതുസഭയുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷം ആവശ്യമാണ്. 2010 ഒക്ടോബർ മാസം ചേർന്ന യു.എൻ. പൊതുസഭ ഇന്ത്യയെ താത്ക്കാലിക അംഗമായിതിരഞ്ഞെടുത്തിട്ടുണ്ട്. നയപരമായ തീരുമാനങ്ങളിൽ സ്ഥിരാംഗങ്ങൾക്ക് വീറ്റോ അധികാരം ഉപയോഗിക്കുവാൻ കഴിയും.

#### വീറ്റോ അധികാരം (Veto Power)

*സുരക്ഷാസമിതിയുടെ തീരുമാനങ്ങൾക്ക് സ്ഥിരാംഗങ്ങളുടെയെല്ലാം പൂർണ്ണമായ പിന്തുണ ആവശ്യമാണ്. തീരുമാനങ്ങളോട് വിയോജിച്ച് നിഷേധവോട്ട് രേഖപ്പെടുത്തുവാനുള്ള അധികാരത്തെയാണ് 'വീറ്റോ' അധികാരം എന്ന് പറയുന്നത്. ഏതെങ്കിലും സ്ഥിരാംഗം വീറ്റോ അധികാരം ഉപയോഗിച്ചാൽ സമിതിക്ക് തീരുമാനം എടുക്കുവാൻ കഴിയില്ല.*



സെക്യൂരിറ്റി കൗൺസിലെ സ്ഥിരാംഗരാജ്യങ്ങൾ

മുകളിൽ കൊടുത്ത ഭൂപടം പരിശോധിച്ച് തന്നിരിക്കുന്ന ചോദ്യങ്ങളുമായി ബന്ധപ്പെടുത്തി കുറിപ്പു തയ്യാറാക്കു.



ചില രാജ്യങ്ങളെ മാത്രം സ്ഥിരാംഗങ്ങളായി കണക്കാക്കുന്നത് ജനാധിപത്യ സങ്കൽപ്പത്തിനു ചേർന്നതാണോ? എന്തുകൊണ്ട്?

ഏതെല്ലാം ഭൂഖണ്ഡങ്ങളിലെ ജനങ്ങൾക്കാണ് സ്ഥിരാംഗങ്ങളുടെ പട്ടികയിൽ പ്രാതിനിധ്യം നേടാൻ കഴിയാത്തത്?

## സെക്രട്ടേറിയറ്റ് (The Secretariat)

ഐക്യരാഷ്ട്രസംഘടനയുടെ ദൈനംദിന ഭരണം നിർവ്വഹിക്കുക എന്നതാണ് സെക്രട്ടേറിയറ്റിന്റെ ചുമതല. ന്യൂയോർക്കാണ് ഇതിന്റെ ആസ്ഥാനം. പൊതുസഭ, സുരക്ഷാസമിതി, മറ്റ് ഘടകങ്ങൾ എന്നിവയുടെ നിർദ്ദേശങ്ങളും തീരുമാനങ്ങളുമാണ് ദൈനംദിനഭരണം എന്ന നിലയ്ക്ക് സെക്രട്ടേറിയറ്റ് നടപ്പിലാക്കുന്നത്. സെക്രട്ടറി ജനറലാണ് സെക്രട്ടേറിയറ്റിന്റെ തലവൻ. രക്ഷാസമിതിയുടെ അംഗീകാരത്തോടെ പൊതുസഭ നാലുവർഷ കാലാവധിയിലേക്കാണ് സെക്രട്ടറി ജനറലിനെ തിരഞ്ഞെടുക്കുന്നത്.

യു.എൻ. സെക്രട്ടറി ജനറൽ ബാൻകി മൂൺ



- ഐക്യരാഷ്ട്ര സഭയുടെ സെക്രട്ടറി ജനറൽമാരായി തിരഞ്ഞെടുക്കപ്പെട്ടവർ ആരെല്ലാമാണെന്നന്വേഷിക്കു. അവരുടെ പേര്, രാജ്യം തിരഞ്ഞെടുക്കപ്പെട്ട വർഷം എന്നിവയുടെ ഒരു പട്ടിക തയ്യാറാക്കുക.

## സാമ്പത്തിക സാമൂഹിക കൗൺസിൽ (Economic and Social Council-ECOSOC)

ഐക്യരാഷ്ട്രസംഘടനയുടെ കീഴിൽവരുന്ന ആരോഗ്യം, തൊഴിൽ, മനുഷ്യാവകാശങ്ങൾ തുടങ്ങിയ സാമ്പത്തിക സാമൂഹിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകീകരണമാണ് ഇതിന്റെ മുഖ്യ ചുമതല. പൊതുസഭയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സാമ്പത്തിക സാമൂഹിക കൗൺസിലിൽ 54 അംഗങ്ങളാണുള്ളത്. ന്യൂയോർക്കിലാണ് ഇതിന്റെ ആസ്ഥാനം.

## ട്രസ്റ്റീഷിപ്പ് കൗൺസിൽ (Trusteeship Council)

സർവ്വരാഷ്ട്രസഖ്യത്തിന്റെ ചുമതലയിലുണ്ടായിരുന്നതും സഖ്യം പിരിച്ചുവിട്ടതിനുശേഷം ഐക്യരാഷ്ട്ര സഭയുടെ നിയന്ത്രണത്തിൽ ആകുകയും ചെയ്ത ട്രസ്റ്റ് പ്രദേശങ്ങളുടെ മേൽനോട്ടവും

അവയെ സ്വയംഭരണത്തിനായി പാകപ്പെടുത്തലുമായിരുന്നു ഇതിന്റെ ചുമതല. രക്ഷാസമിതിയിലെ അഞ്ച് സ്ഥിരാംഗങ്ങളാണ് ട്രസ്റ്റീഷിപ്പ് കൗൺസിലിലെ ഇപ്പോഴത്തെ അംഗങ്ങൾ. പസഫിക്ക് സമുദ്രത്തിലുള്ള 'പലാവ്' എന്ന ദ്വീപിനെയാണ് ട്രസ്റ്റീഷിപ്പ് കൗൺസിലിൽ ഏറ്റവും അവസാനം സ്വയംഭരണത്തിനായി ക്രമപ്പെടുത്തിയത്. ന്യൂയോർക്കാണ് ഇതിന്റെ ആസ്ഥാനം. ട്രസ്റ്റീഷിപ്പ് കൗൺസിൽ 1994-ൽ നവംബർ ഒന്നു മുതൽ സസ്പെന്റ് ചെയ്തിരിക്കുകയാണ്.

## അന്താരാഷ്ട്രനീതിന്യായക്കോടതി (International Court of Justice)

നെതർലന്റിലെ ഹേഗ് ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്രനീതിന്യായ കോടതിയിൽ 15 ന്യായാധിപന്മാരാണുള്ളത്. പൊതുസഭയും രക്ഷാസമിതിയും ചേർന്ന് ഒൻപത് വർഷത്തേയ്ക്കാണ് ഇവരെ തിരഞ്ഞെടുക്കുന്നത്. ഈ അന്തർദേശീയകോടതിക്കു മുൻപാകെ പരിഗണനയ്ക്കായി വരുന്ന, രാഷ്ട്രങ്ങൾ തമ്മിലുള്ള തർക്കങ്ങളിന്മേൽ തീരുമാനമെടുക്കുവാൻ കോടതിക്ക് അധികാരമുണ്ട്. ഐക്യരാഷ്ട്രസംഘടനയുടെ ഘടകങ്ങളും പ്രത്യേക ഏജൻസികളും ആവശ്യപ്പെടുന്നപക്ഷം അവർക്ക് ഉപദേശങ്ങൾ നൽകുവാനും അധികാരം ഉണ്ട്.

- അംഗരാഷ്ട്രങ്ങൾ തമ്മിലുള്ള ഏതെങ്കിലും ഒരു തർക്കത്തിൽ അന്തർദേശീയ നീതിന്യായ കോടതി ഇടപെട്ടതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.

നാം ചർച്ച ചെയ്ത ഘടകങ്ങൾക്കുപുറമെ ലോക ക്ഷേമവും സുരക്ഷിതത്വവും മുൻനിർത്തി പ്രവർത്തിക്കുന്ന പതിനെട്ട് ഏജൻസികൾ ഐക്യരാഷ്ട്ര സംഘടനയ്ക്കു കീഴിൽ പ്രവർത്തിക്കുന്നു. അവ പ്രത്യേക ഏജൻസികൾ (Specialised Agencies) എന്നാണ് അറിയപ്പെടുന്നത്. അതിൽ പ്രധാനപ്പെട്ട ചില ഏജൻസികളുടെ വിവരങ്ങളാണ് പട്ടികയിൽ നൽകിയിരിക്കുന്നത്.

**യു.എൻ. പ്രത്യേക ഏജൻസികൾ**

| സംഘടനയുടെ പേര് | സ്ഥാപിതമായ വർഷം | ആസ്ഥാനം | പ്രവർത്തനങ്ങൾ |
|---|---|---|---|
| ഭക്ഷ്യ-കാർഷിക സംഘടന (Food and Agricultural Organisation-FAO) | 1945 | റോം | കാർഷികമേഖലയുടെ പുരോഗതിക്കായി പ്രവർത്തിക്കുക, ദുരന്തസമയങ്ങളിലും മറ്റ് അടിയന്തിരസന്ദർഭങ്ങളിലും അംഗരാജ്യങ്ങൾക്ക് ഭക്ഷ്യസഹായം എത്തിക്കുക. |
| വിദ്യാഭ്യാസശാസ്ത്ര-സാംസ്കാരിക സംഘടന (United Nations Educational Scientific and Cultural Organisation-UNESCO) | 1946 | പാരീസ് | അംഗരാജ്യങ്ങളിൽ വിദ്യാഭ്യാസസാംസ്കാരികശാസ്ത്രമേഖലകളുടെ പുരോഗതിക്കായി നിർദ്ദേശങ്ങൾ നൽകുകയും സഹായം എത്തിക്കുകയും ചെയ്യുക. |
| ലോകാരോഗ്യ സംഘടന (World Health Organisation-WHO) | 1946 | ജനീവ | അംഗരാജ്യങ്ങളിലെ ജനങ്ങളുടെ ആരോഗ്യം ഉറപ്പാക്കുക, പകർച്ചവ്യാധികളും മറ്റ് മാരക രോഗങ്ങളും തടയുക. ഈ മേഖലകളിലെ ഗവേഷണം ശക്തിപ്പെടുത്തുക. |
| അന്താരാഷ്ട്ര നാണയനിധി (International Monitory Fund-IMF) | 1945 | വാഷിംഗ്ടൺ ഡി.സി. | ലോകസമ്പദ്വ്യവസ്ഥയ്ക്ക് സുസ്ഥിരത കൈവരിക്കുവാൻ കഴിയുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.<br>സമ്പദ്വ്യവസ്ഥയിലുണ്ടാകുന്ന സങ്കീർണ്ണതകളിൽ ഇടപെടുക. |
| ലോകബാങ്ക് (World Bank) | 1944 | വാഷിംഗ്ടൺ ഡി.സി. | വികസ്വര രാഷ്ട്രങ്ങൾക്ക് സാമ്പത്തിക സാങ്കേതികസഹായം എത്തിക്കുക. |
| അന്തർദേശീയ തൊഴിൽ സംഘടന (International Labour Organisation-ILO) | 1946 | ജനീവ | തൊഴിൽ സംരക്ഷണം, ജോലി നിലവാരം, തൊഴിൽ സമയം എന്നിവയുമായി ബന്ധപ്പെട്ട് അനുസരിക്കേണ്ട കാര്യങ്ങൾ നിർദ്ദേശിക്കുക. |
| അന്താരാഷ്ട്ര ആണവ ഊർജ്ജ സംഘടന (International Atomic Energy Agency-IAEA) | 1957 | വിയന്ന | അംഗരാജ്യങ്ങളിലെ ആണവഊർജ്ജ ഉൽപാദനം, ഉപയോഗം, വികസനം എന്നീ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. |

അംഗരാജ്യങ്ങളുടെ സാമ്പത്തികവളർച്ച, പുരോഗതി, ആരോഗ്യമേഖലയിലെ കർമ്മ പദ്ധതികൾ തുടങ്ങിയ മേഖലകളിൽ ഐക്യരാഷ്ട്രസംഘടന ശ്രദ്ധിക്കുകയും ഇടപെടുകയും ചെയ്യാറുണ്ടെന്ന് നാം മനസ്സിലാക്കി. ഇത്തരം കാര്യങ്ങളിൽ സഹായവും സംരക്ഷണവും ആവശ്യമുള്ള രാജ്യങ്ങളെ സംഘടന സഹായിക്കുന്നു. അതിനായി പതിനാലോളം പദ്ധതികളും നിധികളും സംഘടന ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. ഐക്യരാഷ്ട്രവികസന പദ്ധതി (United Nations Development Programme-UNDP), ഐക്യരാഷ്ട്ര പരിസ്ഥിതി പദ്ധതി (United Nations Environment Programme-UNEP), ഐക്യരാഷ്ട്ര ശിശുനിധി (UNICEF) തുടങ്ങിയവ അതിൽ പ്രധാനപ്പെട്ടവയാണ്.



**ചർച്ച ചെയ്യൂ**

- പ്രത്യേക ഏജൻസികൾ, വികസനപദ്ധതികൾ തുടങ്ങിയവയിലൂടെ ഏതെല്ലാം മേഖലകളിലാണ് ഐക്യരാഷ്ട്രസംഘടന പ്രവർത്തിക്കുന്നത്?
- ഐക്യരാഷ്ട്രസംഘടന അംഗരാജ്യങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങളിൽ ഇടപെടുവാനും പരിഹാരം നിർദ്ദേശിക്കുവാനുമുള്ള ശ്രമങ്ങൾ നടത്തുന്നത് എങ്ങനെയാണ്?
- 'സമാധാനം എന്നത് യുദ്ധമില്ലാത്ത അവസ്ഥമാത്രമല്ല മനുഷ്യരാശിയുടെ സ്വസ്ഥതയും പുരോഗതിയും കൂടിയാണ്'- ഈ പ്രസ്താവനയെ യു.എൻ.ഒ.യുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

## കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് ഗവൺമെന്റുകളുടെ അന്തർദേശീയ വേദി (Inter Governmental Panel on Climate Change)

ഐക്യരാഷ്ട്ര സംഘടന കാലവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു. കാലാവസ്ഥാവ്യതിയാനവും അത് സമൂഹത്തിലും സമ്പദ്ഘടനയിലുമുണ്ടാക്കുന്ന പ്രത്യാഘാതങ്ങളും പഠിക്കുന്നതിന് 1988-ൽ കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് ഗവൺമെന്റുകളുടെ അന്തർദേശീയവേദി രൂപീകരിച്ചു. പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ അനിയന്ത്രിതമായ ഇടപെടലുകൾ വ്യാപകമായ പരിസ്ഥിതി നാശത്തിന് ഇടയാക്കുന്നു. അമേരിക്കയെപ്പോലെയുള്ള വികസിത രാഷ്ട്രങ്ങളുടെ സാമ്പത്തിക, വ്യാവസായിക, സൈനിക പ്രവർത്തനങ്ങൾ വൻതോതിലുള്ള പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ, വ്യാവസായിക-ജൈവ-ആണവ-ഇലക്ട്രോണിക് മാലിന്യങ്ങൾ, ഹരിതഗൃഹ വാതകങ്ങളുടെ അനിയന്ത്രിത ബഹിർഗമനം തുടങ്ങിയവ പരിസ്ഥിതിഹത്യയ്ക്ക് (Ecocide) തന്നെ കാരണമാകുന്നു. ഇതിന്റെ ആഘാതം വൻതോതിൽ ബാധിക്കുന്നത് വികസ്വര രാഷ്ട്രങ്ങളെയാണ്.


### ആഗോള പൊതുസ്വത്ത് (Global commons)

*ഈ ഭൂമിയിലും അതിന്റെ അന്തരീക്ഷത്തിലും രാജ്യങ്ങളുടെ പരമാധികാര നിയന്ത്രണപരിധിക്ക് അപ്പുറത്തുള്ള ചിലതെല്ലാമുണ്ട്. അതെല്ലാമാണ് ആഗോള പൊതുസ്വത്തായി കണക്കാക്കുന്നത്. അന്താരാഷ്ട്രസമുദ്രമേഖല, സമുദ്രതട്ട്, അന്തരീക്ഷത്തിന്റെ ഉപരിമണ്ഡലം (outer space), അന്റാർട്ടിക്ക തുടങ്ങിയവയാണ് ഇക്കൂട്ടത്തിൽ പ്രധാനമായവ. രാഷ്ട്രങ്ങൾ നടത്തുന്ന മാലിന്യനിക്ഷേപങ്ങൾ ഇതിന് വൻതോതിൽ ഭീഷണി സൃഷ്ടിക്കുന്നു.*

പരിസ്ഥിതി മലിനീകരണം എന്നത് ലോകരാഷ്ട്രങ്ങൾ രാഷ്ട്രീയതീരുമാനങ്ങളിലൂടെ പരിഹരിക്കേണ്ട വിഷയമാണ്. ആ നിലയ്ക്ക് കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് ഗവൺമെന്റുകളുടെ അന്തർദേശീയവേദിക്കും അതിന്റെ പ്രവർത്തനങ്ങൾക്കും അതീവപ്രാധാന്യമാണുള്ളത്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾക്ക് 2007-ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചിട്ടുണ്ട്. ഇന്ത്യക്കാരനായ ഡോ. സുരേഷ് പചൗരി ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പരിസ്ഥിതി ശാസ്ത്രജ്ഞനാണ്.

1987-ൽ നിയമിച്ച 'പരിസ്ഥിതി സംരക്ഷണത്തിനും വികസനത്തിനുമായുള്ള ലോക കമ്മീഷൻ' (Brundtland Commission) അതിന്റെ റിപ്പോർട്ടിൽ ഇങ്ങനെ എഴുതി 'ഭൂമി ഏകമാണ് എന്നാൽ ലോകം


അങ്ങനെയല്ല' (The earth is one but the world is not) ഭൂമിയിലെ മുഴുവൻ ജീവിവർഗ്ഗങ്ങൾക്കും പുലർന്നുപോകുവാൻ കഴിയുന്ന സാഹചര്യം നില നിർത്തേണ്ടതും എല്ലാമനുഷ്യനും വിവേചനങ്ങളി ല്ലാതെ ജീവിക്കുവാൻ കഴിയേണ്ടതുമുണ്ട്. എല്ലാ ജീവിവർഗ്ഗങ്ങളേയും സംരക്ഷിക്കുവാൻ ഐക്യ രാഷ്ട്രസംഘടന 2010 ജൈവ വൈവിദ്ധ്യവർഷമായി (The year of Biodiversity) ആചരിക്കുന്നു. പോയ തലമുറകൾ ഈ ഭൂമിയും അതിലെ വിഭവങ്ങളും നമുക്കായിക്കൂടി കരുതിവച്ചതുകൊണ്ടാണ് നാം ജീവി ക്കുന്നത്. അതുകൊണ്ടുതന്നെ വരുംതലമുറയ്ക്ക് അതെല്ലാം നശിക്കാതെ തിരികെ നൽകുക തന്നെയാണ് നമ്മുടെ കടമ.



പരിസ്ഥിതി നാശത്തിനിടയാക്കുന്ന പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുവാനും ഹരിതഗൃഹ വാതക ബഹിർഗമനം നിയന്ത്രിക്കുവാനും നമുക്കെന്തെല്ലാം ചെയ്യാനാകും?

## ലോകവ്യാപാരസംഘടന (World Trade Organisation)

മറ്റുരാജ്യങ്ങളിൽ നിർമ്മിച്ച എന്തെല്ലാം സാധനങ്ങ ളാണ് നമ്മുടെ കമ്പോളങ്ങളിൽ ലഭ്യമാകുന്നത്? ഇവ നമ്മുടെ രാജ്യത്ത് എങ്ങനെ എത്തുന്നു. ഇതിനായി എന്തെങ്കിലും ക്രമീകരണങ്ങളുണ്ടോ? ലോകവ്യാ പാരസംഘടനയാണ് അംഗരാജ്യങ്ങൾക്കിടയിലെ വാണിജ്യത്തെ ക്രമപ്പെടുത്തുന്നത്. വാണിജ്യവും തീരുവയും സംബന്ധിച്ച പൊതുകരാറിൽ (General Agreement on Trade and Tariff-GATT) നിന്നാണ് ലോകവ്യാപാരസംഘടന രൂപം കൊണ്ടത്. അന്തർദേശീയ വ്യാപാര വാണിജ്യമേഖലകളിൽ നിയന്ത്രിതഅളവ് (Quota), തീരുവ തുടങ്ങിയ രൂപ ത്തിൽ നിലനിൽക്കുന്ന തടസ്സങ്ങളെ ഒഴിവാക്കി സ്വതന്ത്രമായ ഒരവസ്ഥ സൃഷ്ടിക്കുകയായിരുന്നു കരാറിന്റെ ലക്ഷ്യം. ഇതിനായി 1947-ൽ ഗാട്ട് രൂപപ്പെ ട്ടതു മുതൽ 1994 വരെ സുദീർഘമായ ചർച്ചകൾ നടന്നു. ഉറുഗ്വേയിൽ 1994-ൽ നടന്ന ചർച്ചകൾ ഗാട്ട് പ്രക്രിയ അവസാനിപ്പിച്ചു. തുടർന്ന് 1995-ൽ ജനീവ യിൽ വച്ച് ലോകവ്യാപാരസംഘടനയ്ക്ക് രൂപം നൽകി. ലോകവ്യാപാരത്തിന് ഉയർന്ന വളർച്ച കൈവരിക്കുക, അംഗരാജ്യങ്ങൾ തമ്മിലുണ്ടാകുന്ന വാണിജ്യതർക്കങ്ങൾ പരിഹരിക്കുക തുടങ്ങിയ ചുമതലകൾ സംഘടന നിർവ്വഹിക്കുന്നു.



നമ്മുടെ കമ്പോളത്തിൽ ലഭ്യമാകുന്ന ഏതെങ്കിലും അഞ്ച് വിദേശ ഉത്പന്നങ്ങൾ എടുത്ത് അവ ഏതെല്ലാം രാജ്യങ്ങളിലാണ് ഉത്പാദിപ്പിച്ചതെന്ന് കണ്ടെത്തി ലിസ്റ്റ് ചെയ്യു.

## ഐക്യരാഷ്ട്രസംഘടനയുടെ സമാധാന പരിശ്രമങ്ങളും ഇടപെടലുകളും

ലോകരാജ്യങ്ങൾ തമ്മിലുണ്ടാകുന്ന തർക്കങ്ങളിൽ സമാധാനവും സുരക്ഷിതത്വവും നിലനിർത്തുക, ആ രാജ്യങ്ങൾ തമ്മിലുള്ള സൗഹൃദം പ്രോത്സാഹിപ്പി ക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി ഐക്യ രാഷ്ട്രസംഘടന ഇടപെടാറുണ്ട്. സമാധാന സംഘ ങ്ങൾ, നയതന്ത്ര കൂട്ടായ്മകൾ, സമാധാന ദൗത്യസേന എന്നീ നിലകളിലാണ് ഇടപെടലുകൾ നടത്താറുള്ളത്. അംഗരാജ്യങ്ങളുടെ സൈന്യ ങ്ങളാണ് സമാധാനദൗത്യ സേനയിൽ ഉണ്ടാവുക. ഇന്ത്യയടക്കമുള്ള അംഗരാജ്യങ്ങളുടെ സൈന്യം കോംഗോയിൽ ഇപ്പോഴുള്ള സമാധാന ദൗത്യസേ നയിൽ പ്രവർത്തിക്കുന്നു. ഇതുപോലെയുള്ള 64 ഇടപെടലുകൾ യു.എൻ. ദൗത്യസേന ഇതുവരെ നടത്തിയിട്ടുണ്ട്.

ഡബ്ല്യൂ.ടി.ഒ. ആസ്ഥാനമന്ദിരം



- താഴെ കൊടുത്ത ഭൂപടം ശ്രദ്ധിച്ച് ഐക്യരാഷ്ട്രസമാധാന സേന ഇടപെട്ട പ്രദേശങ്ങൾക്ക് ഉദാഹരണം കണ്ടെത്തു.




അഭയാർത്ഥിമേഖലകൾ, ദുരിതാശ്വാസപ്രവർത്തനങ്ങൾ, പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ ഐക്യരാഷ്ട്രസംഘടന ഇടപെടുന്നു.

ആഗോളതലത്തിൽ സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളുടെ സമാധാനം, വികസനം, പുരോഗതി തുടങ്ങിയവ ഉറപ്പാക്കുന്നതിനായി 2005-ൽ സമാധാന സംരക്ഷണ കമ്മീഷൻ (Peace Building Commission) രൂപീകരിച്ചു.


ഭക്ഷണത്തിനായുള്ള കാത്തിരിപ്പ്-അഭയാർത്ഥി ക്യാമ്പ് ദൃശ്യം



വർത്തമാനകാലലോകം ഭയത്തോടെയും ജാഗ്രതയോടെയും അഭിമുഖീകരിക്കുന്ന ഒന്നാണല്ലോ ഭീകരവാദം. ഭീകരവാദവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഐക്യരാഷ്ട്രസംഘടന ഭീകരവാദവിരുദ്ധ പ്രയോഗസേനയ്ക്ക് (Counter Terrorism Implementation Task Force) 2006-ൽ രൂപം നൽകി. ലോകത്തെമ്പാടുമുള്ള ഭീകരവാദ പ്രതിരോധ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയാണ് ഇതിന്റെ ലക്ഷ്യം.

പരിസ്ഥിതിയുമായി ബന്ധപ്പെട്ട് ഐക്യരാഷ്ട്രസംഘടന നിരവധി ഇടപെടലുകളും പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ഐക്യരാഷ്ട്ര പരിസ്ഥിതി കർമ്മപദ്ധതിയുടെ മേൽനോട്ടത്തിൽ ആസ്ട്രേലിയയിൽ വച്ച് സംഘടിപ്പിച്ച ഗ്രീൻ ഫെസ്റ്റും 2007-ൽ ഓസ്ലോയിൽ വച്ച് ആഗോളതാപനത്തിനെതിരെ സംഘടിപ്പിച്ച കലാപരിപാടികളും 2007-ൽ തന്നെ ബ്രസ്സൽസിൽ നടന്ന 'ആർട്ട്ഫെസ്റ്റും' ഉദാഹരണങ്ങളാണ്. ഐക്യരാഷ്ട്രസംഘടനയുടെ നേട്ടങ്ങളെ വിലയിരുത്തുമ്പോൾ അതൊരു സൈനികസ്ഥാപനമല്ലെന്നും സമാധാനം, സാമൂഹ്യസാമ്പത്തികപുരോഗതി, സുസ്ഥിരവികസനം ഇവയ്ക്ക് ഊന്നൽ നൽകി മാനവസുരക്ഷിതത്വത്തിനായി പ്രവർത്തിക്കുന്ന പൊതുവേദി മാത്രമാണെന്നും ഓർക്കേണ്ടതുണ്ട്.

യു.എൻ. സമാധാന ദൗത്യസേന നടത്തിയ ഇടപെടലുകൾക്ക് ചില ഉദാഹരണങ്ങൾ



ലൈബീരിയയിലെ അഭയാർത്ഥി ക്യാമ്പിൽ യു.എൻ. ആഹാരം എത്തിക്കുന്നു



കോംഗോയിൽ യു.എൻ.-ന്റെ വൈദ്യസഹായം

## ഐക്യരാഷ്ട്രസംഘടന: പരിമിതികൾ പോരായ്മകൾ

മാറുന്ന കാലത്ത് രാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങൾക്കൊപ്പം സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും വഴിയിൽ ഐക്യരാഷ്ട്രസംഘടനയ്ക്ക് പുതിയ വെല്ലുവിളികൾ ഏറ്റെടുക്കേണ്ടിവരുന്നു. വർഗ്ഗീയ വംശീയ കലാപങ്ങൾ, ഭീകരപ്രവർത്തനം, കാലാവസ്ഥാ വ്യതിയാനം, സുസ്ഥിരവികസനം തുടങ്ങിയവ പുതിയ കാലത്തിന്റെ സുരക്ഷാവെല്ലുവിളികളാണ്. പരമ്പരാഗതമായി നടപ്പിലാക്കുന്ന സമാധാന പ്രവർത്തനങ്ങൾ കൊണ്ട് പുതിയ വെല്ലുവിളികളെ നേരിടാൻ കഴിയാതെ വരുമ്പോൾ പുതിയ സമാധാനപദ്ധതികൾ ആവശ്യമായിവരുന്നു. അതിനായി അധികസാമ്പത്തിക ചെലവും സൈനിക സാങ്കേതിക പരിജ്ഞാനവും നവീകരണവും ആവശ്യമാണ്.

കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥവൃന്ദത്തിന്റെ അഭാവം, ആവശ്യമായ സമ്പത്തിന്റെ ലഭ്യതകുറവ്, ചെലവേറിയ ഉദ്യോഗസ്ഥ-ഭരണരീതി, അംഗരാജ്യങ്ങൾ നൽകേണ്ട സാമ്പത്തിക വിഹിതം കൃത്യമായി നൽകാതിരിക്കൽ മുതലായവ ഐക്യരാഷ്ട്ര സംഘടനയുടെ പരിമിതികളാണ്.

ഐക്യരാഷ്ട്രസംഘടനയ്ക്ക് അതിന്റെ മുഖ്യധനശ്രോതസ്സുകളായ പാശ്ചാത്യവികസിത രാജ്യങ്ങളുടെ താൽപ്പര്യങ്ങൾക്ക് വഴങ്ങേണ്ടി വരുന്നുണ്ട്. അതുപോലെ പലമേഖലകളിൽ വികസിതരാജ്യങ്ങളും വികസ്വരരാജ്യങ്ങളും തമ്മിൽ തർക്കങ്ങൾ ഉയർന്നുവരുന്നു. അംഗബലത്തിൽ അധികമുള്ള വികസ്വരരാജ്യങ്ങളിൽ നിന്ന് ഐക്യരാഷ്ട്ര സംഘടനയുടെ പ്രവർത്തനത്തിന് കൂടുതൽ സാമ്പത്തിക സംഭാവനകളുണ്ടാകണമെന്ന് വികസിതരാഷ്ട്രങ്ങൾ ആവശ്യപ്പെടുന്നു. ഇതെല്ലാം ഐക്യരാഷ്ട്ര സംഘടന നേരിടുന്ന വെല്ലുവിളികളാണ്.



### ചർച്ച ചെയ്യുക


ഐക്യരാഷ്ട്രസംഘടനയുടെ ഘടനയിൽ നിലനിൽക്കുന്ന പോരായ്മകൾ എന്തെല്ലാമാണ്?

ഐക്യരാഷ്ട്ര സംഘടനയെ കൂടുതൽ ജനാധിപത്യപരമാക്കുന്നതിനും പരിമിതികളെ അതിജീവിക്കുവാനുമുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്.

### ചേരിചേരാപ്രസ്ഥാനം (NAM)

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോകത്തിനു സാക്ഷ്യം വഹിക്കേണ്ടിവന്ന ഇരുധ്രുവലോകവും ശീതസമരവും 'രണ്ടാം ലോകമഹായുദ്ധവും സാമ്രാജ്യത്വത്തിന്റെ തകർച്ചയും' എന്ന അധ്യായത്തിൽ നാം പരിചയപ്പെട്ടുവല്ലോ. യുദ്ധാനന്തരലോകം അമേരിക്കൻ ഐക്യനാടുകളുടെയും സോവിയറ്റ് യൂണിയന്റെയും നേതൃത്വത്തിൽ രണ്ട് ശത്രുചേരികളായി തിരിഞ്ഞിരുന്നു എന്നും നമുക്കറിയാം. അതാകട്ടെ ആയുധമത്സരത്തോടൊപ്പം രണ്ട് ആശയങ്ങൾ തമ്മിലുള്ള മത്സരം കൂടി ആയിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭീതി വിട്ടൊഴിഞ്ഞിട്ടില്ലാത്ത ലോകത്ത് ഈ സാഹര്യങ്ങൾ വീണ്ടും ഒരു യുദ്ധത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ചു. യുദ്ധാനന്തരകാലം ഏഷ്യയിലും ആഫ്രിക്കയിലും തെക്കനമേരിക്കയിലുമുള്ള യൂറോപ്യൻ രാജ്യങ്ങളുടെ കോളനികൾ സ്വതന്ത്ര പരമാധികാര രാഷ്ട്രങ്ങളായി മാറുന്ന കാലം കൂടി ആയിരുന്നു. നവ സ്വതന്ത്രരാഷ്ട്രങ്ങൾ അവയുടെ ആഭ്യന്തരവളർച്ചയ്ക്കും ലോകസമാധാനത്തിനും പ്രാധാന്യം നൽകിക്കൊണ്ട് അമേരിക്കൻ-സോവിയറ്റ് മത്സരത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുക എന്ന ആശയമാണ് സ്വീകരിച്ചത്. ഈ ആശയമാണ് ചേരിചേരാ പ്രസ്ഥാനത്തിലേക്ക് നയിച്ചത്. ഏതെല്ലാം അന്താരാഷ്ട്ര സമ്മേളനങ്ങളാണ് ചേരിചേരാ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ചതെന്നും ആരെല്ലാമായിരുന്നു ഇതിന്റെ ശിൽപ്പികളെന്നും നാം മനസ്സിലാക്കിയിട്ടുണ്ട്.

അന്തർദേശീയ ബന്ധങ്ങളിൽ സ്വതന്ത്രമായ നിലപാട് സ്വീകരിക്കുവാനും സമാധാനത്തിലും സഹവർത്തിത്വത്തിലും അധിഷ്ഠിതമായ വിദേശനയം രൂപീകരിക്കുവാനും അംഗരാജ്യങ്ങൾക്ക് ചേരിചേരാപ്രസ്ഥാനം സ്വാതന്ത്ര്യം നൽകുന്നു. എല്ലാത്തരത്തിലുമുള്ള വർണ്ണവംശ വിവേചനങ്ങളേയും ഇത് നിരാകരിക്കുന്നു.



**കണ്ടെത്താമോ**

- ഏത് രാജ്യമാണ് ഇപ്പോൾ ചേരിചേരാ പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷപദവി വഹിക്കുന്നത്?
- ഇരുചേരി മത്സരങ്ങൾ അവസാനിക്കുകയും ആഗോളീകരണവും ഭീകരവാദവും കാലാവസ്ഥാ വ്യതിയാനവും രാഷ്ട്രാന്തര പ്രശ്നങ്ങളാകുകയും ചെയ്ത പുതിയ കാലത്ത് ചേരിചേരാ പ്രസ്ഥാനത്തിന്റെ പ്രസക്തി ചർച്ച ചെയ്യുക.

### അന്താരാഷ്ട്ര അന്തർഗവൺമെന്റ് സംഘടനകൾ (International Inter Government Organisations)

രാഷ്ട്രങ്ങൾ തമ്മിൽ പലതരത്തിലുള്ള ബന്ധങ്ങൾ നിലനിൽക്കുന്നു എന്ന് നമുക്ക് അറിയാം. ശാസ്ത്രം, സാങ്കേതികവിദ്യ, സംസ്കാരം, വാണിജ്യം, വ്യാപാരം തുടങ്ങിയ പല മേഖലകളിലും രാഷ്ട്രങ്ങൾ പരസ്പരം സഹകരിക്കുന്നു. ഇത്തരം ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനായി രാഷ്ട്രങ്ങൾ ചേർന്ന് രൂപീകരിക്കുന്ന സംഘടനകളാണ് അന്താരാഷ്ട്ര അന്തർഗവൺമെന്റ് സംഘടനകൾ. ഐക്യരാഷ്ട്ര സംഘടന, ചേരിചേരാ പ്രസ്ഥാനം തുടങ്ങിയ സംഘടനകളും അന്താരാഷ്ട്ര അന്തർ ഗവൺമെന്റ് സംഘടനകളാണ്. മറ്റുചില പ്രധാനപ്പെട്ട സംഘടനകളുടെ വിവരങ്ങൾ പട്ടികയിൽ (പേജ് 178) നൽകിയിരിക്കുന്നു.

### അന്താരാഷ്ട്ര ഗവൺമെന്റ് ഇതര സംഘടനകൾ (International NonGovernmental Organisations)

നമുക്ക് ചുറ്റും ചില വ്യക്തികളും കൂട്ടായ്മകളും മനുഷ്യാവകാശം, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങളിൽ പ്രതികരിക്കുകയും ഇടപെടുകയും ചെയ്യുന്നത് നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലോ. സൈലന്റ് വാലി സംരക്ഷണ സമിതി, പെരിയാർ സംരക്ഷണ സമിതി, പ്ലാച്ചിമടയിലെ പ്രക്ഷോഭം തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇതുപോലെ മനുഷ്യാവകാശ സംരക്ഷണം, പരിസ്ഥിതി, സമാധാനം, സാമൂഹ്യ സൗഹൃദ വികസനം, പ്രകൃതിവിഭവങ്ങൾക്കുമേൽ പ്രാദേശികജനതയുടെ അവകാശം നിലനിർത്തൽ, ആവാസവ്യവസ്ഥയുടെയും വിഭവങ്ങളുടെയും സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ വ്യക്തികളും കൂട്ടായ്മകളും പ്രാദേശികമായോ ദേശീയ

| സംഘടന | സ്ഥാപിതമായ വർഷം | അംഗരാജ്യങ്ങൾ | ലക്ഷ്യങ്ങൾ |
|---|---|---|---|
| അറബ് ലീഗ് | 1945 | ഈജിപ്ത്, സൗദിഅറേബ്യ, ഇറാക്ക്, കുവൈറ്റ് തുടങ്ങി 22 രാജ്യങ്ങൾ | അറബ് രാജ്യങ്ങളുടെ പരസ്പരസഹകരണവും ഐക്യവും |
| അമേരിക്കൻ രാഷ്ട്രങ്ങളുടെ സംഘടന (Organisation of American States-OAS) | 1948 | പെറു, ചിലി, ഹോണ്ടുറാസ്സ്, ബ്രസീൽ, ഉറുഗ്വേ, പരാഗ്വ തുടങ്ങി 31 രാജ്യങ്ങൾ | തെക്കേ അമേരിക്കൻ രാജ്യങ്ങളിൽ സാമ്പത്തികവികസനം, പരിസ്ഥിതി സംരക്ഷണം, മനുഷ്യാവകാശ സംരക്ഷണം തുടങ്ങിയ വിവിധ മേഖലകളിൽ സഹകരണം വളർത്തുക. |
| പെട്രോളിയം കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളുടെ സംഘടന (Organisation of Petroleum Exporting Countries - OPEC) | 1960 | ഇറാൻ, ഇറാക്ക്, വെനിസ്വല, ലിബിയ, യു.എ.ഇ. തുടങ്ങിയവ | പെട്രോളിയം ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളുടെ സാമ്പത്തിക രാഷ്ട്രീയ താൽപ്പര്യങ്ങൾ സംരക്ഷിക്കുക |
| ആഫ്രിക്കൻ ഐക്യ സംഘടന (Organisation of African Unity-OAU) | 1963 | സിംബാവെ, നമീബിയ, ടാൻസാനിയ, തെക്കേ ആഫ്രിക്ക, സുഡാൻ തുടങ്ങി 32 രാജ്യങ്ങൾ | കോളനി ഭരണം അവസാനിപ്പിച്ച ആഫ്രിക്കൻ രാജ്യങ്ങളുടെ ഐക്യവും അവ തമ്മിലുള്ള ബഹുതല നയതന്ത്ര ബന്ധവും പ്രോത്സാഹിപ്പിക്കുക. |
| തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ സംഘടന (Association of South East Asian Nations-ASEAN) | 1967 | ഇന്തോനേഷ്യ, മലേഷ്യ, ഫിലിപ്പൈൻസ്, തായ്‌ലാന്റ്, സിംഗപ്പൂർ, ബ്രൂണൈ, വിയറ്റ്നാം | മേഖലയിലെ രാജ്യങ്ങൾ തമ്മിൽ ഉയർന്ന സാമ്പത്തിക വ്യാപാര ബന്ധങ്ങൾ വളർത്തുക, അംഗരാജ്യ പ്രദേശത്തെ സ്വതന്ത്രവ്യാപാര മേഖലയാക്കി പ്രഖ്യാപിക്കുക. |
| മേഖലയിലെ സഹകരണത്തിനായുള്ള തെക്കേ ഏഷ്യൻ രാജ്യങ്ങളുടെ സംഘടന (South Asian Association for Regional Co-operation - SAARC) | 1985 | ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ്, ശ്രീലങ്ക, ഭൂട്ടാൻ, നേപ്പാൾ, മാലദ്വീപ്, അഫ്ഘാനിസ്ഥാൻ | തെക്കേ ഏഷ്യൻ രാജ്യങ്ങൾ തമ്മിലുള്ള സൗഹൃദം വളർത്തുക, അംഗരാജ്യങ്ങൾ തമ്മിലുള്ള വ്യാപാര സാംസ്കാരിക ബന്ധങ്ങൾ ഉറപ്പിക്കുക. |
| വടക്കേ അമേരിക്കൻ രാജ്യങ്ങളുടെ സ്വതന്ത്ര വ്യാപാര ഉടമ്പടി (North American Free Trade Agreement-NAFTA) | 1992 | അമേരിക്കൻ ഐക്യനാടുകൾ, കാനഡ, മെക്സിക്കോ | വ്യാപാര പ്രതിസന്ധികൾ ഒഴിവാക്കുക. അംഗരാഷ്ട്രങ്ങൾക്കിടയിൽ ഉത്പന്നങ്ങളുടേയും സേവനങ്ങളുടേയും സ്വതന്ത്രമായ ഒഴുക്ക് സാധ്യമാക്കുക. |
| യൂറോപ്യൻ യൂണിയൻ (European Union) | 1993 | ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, സ്വീഡൻ, സ്പെയിൻ, ബെൽജിയം തുടങ്ങിയവ | പൊതു വിപണി, പൊതു നാണയം, സാമ്പത്തിക വിനിമയ മേഖലകളിൽ പൊതുനിയമം രൂപപ്പെടുത്തുക, മനുഷ്യാവകാശം, വിദേശനയം തുടങ്ങിയ കാര്യങ്ങളിൽ പൊതു സമീപനം |

മായോ ആരംഭിക്കുന്ന പ്രസ്ഥാനങ്ങളാണ് ഗവൺമെന്റ് ഇതര സംഘടനകൾ. ഗവൺമെന്റുമായി സഹകരിച്ചോ അല്ലാതെയോ ഇത്തരം സംഘടനകൾ പ്രവർത്തിക്കാറുണ്ട്. ഇവയുടെ പ്രവർത്തനം രാജ്യങ്ങളുടെ അതിർത്തിക്കപ്പുറത്തേക്കു വളരുകയും രാജ്യാന്തര കൂട്ടായ്മകളായിത്തീരുകയും ചെയ്യാറുണ്ട്. അന്തർദേശീയ ഗവൺമെന്റിതര സംഘടനകൾ അനൗപചാരിക സംഘടനകളും അന്തർദേശീയ അന്തർഗവൺമെന്റ് സംഘടനകൾ ഔപചാരിക സംഘടനകളുമാണ്. ചില പ്രധാനപ്പെട്ട അന്താരാഷ്ട്ര ഗവൺമെന്റിതര സംഘടനകളെ കുറിച്ച് പരിശോധിക്കാം.

### ഗ്രീൻപീസ്

'പരിസ്ഥിതികമാന്റോസ്' (Environmental Commandos) എന്നുകൂടി അറിയപ്പെടുന്ന ഈ സംഘടന 1960 മുതലാണ് പ്രവർത്തിച്ചു തുടങ്ങിയത്. ആവാസവ്യവസ്ഥയുടെ സംരക്ഷണം, സമുദ്രങ്ങൾ, നദികൾ, ഭൗമാന്തരീക്ഷം എന്നിവയുടെ മലിനീകരണം തടയൽ തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഗ്രീൻപീസ് പ്രവർത്തിക്കുന്നത്.

### ലോബയാൻ

വൃക്ഷങ്ങളെയും തരുലതാദികളെയും സംരക്ഷിക്കുന്നതിനായി ഇന്ത്യയിൽ ആരംഭിച്ച പ്രസ്ഥാനമാണ് ലോബയാൻ. ഇതിന്റെ പ്രവർത്തനം യൂറോപ്പിലേക്കും വ്യാപിച്ചിട്ടുണ്ട്.

### ചിപ്‌കോ പ്രസ്ഥാനം (Chipko)

ഹിമാലയൻ പ്രദേശങ്ങളിലെ വൃക്ഷങ്ങളെ സംരക്ഷിക്കുന്നതിനായാണ് ചിപ്‌കോ പ്രസ്ഥാനം ആരംഭിച്ചത്. സുന്ദർലാൽ ബഹുഗുണയാണ് ഇതിന് നേതൃത്വം നൽകുന്നത്.

### ആംനസ്റ്റി ഇന്റർനാഷണൽ

യുദ്ധങ്ങളും പ്രകൃതിദുരന്തങ്ങളും നാശം വിതയ്ക്കുകയും അനിയന്ത്രിതമായി പകർച്ചവ്യാധികളുണ്ടാകുകയും ചെയ്യുന്ന പ്രദേശങ്ങളിലേക്ക് ആംനസ്റ്റി ഇന്റർനാഷണൽ അടിയന്തിരസഹായം എത്തിക്കുന്നു. വംശീയകലാപങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും നടക്കുന്ന ഇടങ്ങളിൽ ഇവർ പ്രശ്ന പരിഹാരത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്.

### ഇന്റർനാഷണൽ കമ്മിറ്റി ഓഫ് റെഡ് ക്രോസ്

ലോകത്താകമാനം 100-ൽ അധികം റെഡ് ക്രോസ് സൊസൈറ്റികൾ നിലവിലുണ്ട്. യുദ്ധങ്ങളും പ്രകൃതി ദുരന്തങ്ങളുമുണ്ടാകുന്ന പ്രദേശങ്ങളിൽ ഈ സംഘടന സഹായവും സാന്ത്വനവും എത്തിക്കുന്നു. സമാധാനത്തിനുള്ള നോബൽസമ്മാനം 1914, 1963 എന്നീ വർഷങ്ങളിൽ ഈ സംഘടനയ്ക്കാണ് ലഭിച്ചത്.

### ഗ്രീൻബൽറ്റ് പ്രസ്ഥാനം

കെനിയയിലെ പ്രകൃതി സംരക്ഷണ പ്രവർത്തകയായ വാങ്കാരി മാത്തായ് എന്ന വനിതയുടെ നേതൃത്വത്തിലാണ് ഈ പ്രസ്ഥാനം ആരംഭിച്ചത്. ഭൂമിയുടേയും വൃക്ഷങ്ങളുടേയും സംരക്ഷണം മുൻനിർത്തി പ്രവർത്തിക്കുന്ന ഈ സംഘടന സ്ത്രീകളെ സംഘടിപ്പിച്ച് 80 ലക്ഷം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയുണ്ടായി.

ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ (ICC), ഫെഡറേഷൻ ഓഫ് ഫുഡ്ബോൾ അസോസിയേഷൻ (FIFA) എന്നിവയും ഗവൺമെന്റിതരസംഘടനകളാണ്.

- ഈ സംഘടനകളുടെ പ്രവർത്തനം സമാധാനത്തിനും സുരക്ഷിതത്വത്തിനും എത്രമാത്രം സഹായകമാണെന്ന് ചർച്ച ചെയ്യുക.
- ഇതിലേതെങ്കിലും സംഘടനകളോ അനുബന്ധ സംഘടനകളോ നിങ്ങളുടെ പ്രദേശത്തോ വിദ്യാലയത്തിലോ പ്രവർത്തിക്കുന്നുണ്ടോ? അവരുടെ പ്രവർത്തനങ്ങൾ എന്തൊക്കെ?

### ലോക സോഷ്യൽ ഫോറം

ആഗോളീകരണം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ ചെറുക്കുവാൻ കഴിയുന്ന ഒരു ലോകക്രമം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2001-ൽ ബ്രസീലിലാണ് ലോക സോഷ്യൽ ഫോറം ആദ്യമായി സമ്മേളിച്ചത്. വംശ, വർണ്ണ, ലിംഗ വിവേചനങ്ങൾക്കതീതമായ ഒരു നവലോകമാണ് പ്രസ്ഥാനം ലക്ഷ്യം വയ്ക്കുന്നത്. സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ തുല്യത ഉറപ്പാക്കുന്നതിലൂടെ ജനാധിപത്യത്തെ പുനർനിർമ്മിക്കുവാനാകും (Reinventing democracy) എന്നാണ് ഈ പ്രസ്ഥാനം കരുതുന്നത്. ബ്രസീലിലെ പോർട്ടോ അലഗ്രെയിൽ 2010 ജനുവരിയിൽ അതിന്റെ പത്താമത് സമ്മേളനം ചേർന്നു.

## ഉച്ചകോടികളും സമ്മേളനങ്ങളും


ഐക്യരാഷ്ട്രസംഘടന സമാധാനത്തിനും സുരക്ഷിതത്വത്തിനുമായി വിവിധമേഖലകളിൽ നയങ്ങളും പരിപാടികളും രൂപപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യുന്നത് ആഗോളതലത്തിൽ നടത്തുന്ന ഉച്ചകോടികളിലൂടെയും സമ്മേളനങ്ങളിലൂടെയുമാണ്. രാഷ്ട്രത്തലവന്മാർ, ഉന്നത ഉദ്യോഗസ്ഥർ, നയതന്ത്രജ്ഞർ തുടങ്ങിയവരാണ് ഇതിൽ പങ്കെടുക്കുന്നത്. മേൽപട്ടികയിൽ നിന്ന് ചില പ്രധാന ഉച്ചകോടികളെക്കുറിച്ച് ധാരണ നേടാം.



കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് 2010 ആഗസ്റ്റിൽ നടന്ന യു.എൻ. കോൺഫറൻസ്

| ഉച്ചകോടി/സമ്മേളനം | വേദി | നടന്ന വർഷം | പ്രവർത്തനങ്ങൾ |
|---|---|---|---|
| ഭൗമഉച്ചകോടി (Earth-Summit) | റിയോഡി ജനീറൊ (ബ്രസീൽ) | 1992 | പരിസ്ഥിതി സംരക്ഷണം, ആഗോളതാപനമൂലമുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനം മനുഷ്യരാശിയുടെ പൊതു പ്രശ്നമായി പരിഗണിക്കുക, വ്യാവസായിക, കാർഷിക, വാഹന, ഗാർഹിക സ്രോതസുകളിൽ നിന്നുണ്ടാകുന്ന ഹരിതഗൃഹവാതകബഹിർഗമനം നിയന്ത്രിക്കുക. |
| ക്യോട്ടോ ഉടമ്പടി (Kyoto protocol) | ക്യോട്ടോ (ജപ്പാൻ) | 1997 | ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം 2012 ആകുമ്പോഴേക്കും 1990-ലെ നിലയിൽ നിന്നും 5% താഴേയ്ക്ക് കൊണ്ടുവരിക. |
| സുസ്ഥിരവികസനത്തിനായുള്ള ഉച്ചകോടി (World summit for sustainable development) | ജോഹനാസ് ബർഗ് (ദക്ഷിണാഫ്രിക്ക) | 2002 | പരിസ്ഥിതി സൗഹൃദവും സാമൂഹ്യസൗഹൃദവുമായ വികസനം-ദാരിദ്ര്യനിർമ്മാർജ്ജനം, ശുദ്ധജലസംരക്ഷണം, ശുചിത്വം, ജൈവകൃഷി. |
| കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ടു കോപ്പൻ ഹേഗൻ ഉടമ്പടി (Copen Hegan Protocol on climate change) | കോപ്പൻ ഹേഗൻ (ഡെൻമാർക്ക്) | 2009 | അന്തരീക്ഷ ഊഷ്മാവിന്റെ വർദ്ധനവ് കുറച്ച് ആഗോളതാപനത്തെ തടയുക. ഹരിതഗൃഹ വാതക ബഹിർഗമനം കുറയ്ക്കുക. |

## പ്രവർത്തനങ്ങൾ



- വർത്തമാനകാലത്ത് സമാധാനത്തിനും സുരക്ഷിതത്വത്തിനും ഭീഷണി ഉയർത്തുന്ന ഘടകങ്ങളെന്തെല്ലാം? സംഘടനകളും കൂട്ടായ്മകളും ഇടപെടലുകളും ഇതിനു പരിഹാരമാകുന്നുണ്ടോ? ചർച്ച ചെയ്ത് ക്ലാസിലൊരു സെമിനാർ അവതരിപ്പിക്കുക.
- അന്തർദേശീയ സമ്മേളനങ്ങളുടെയും ഉച്ചകോടികളുടെയും ചിത്രങ്ങളും വിവരങ്ങളും ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.